**കേരളത്തിലെത്തുന്ന കുടിയേറ്റ തൊഴിലാളികൾക്ക് 'സ്വകാര്യ ഇടം' ഇല്ല എന്നതിനാൽ ലൈംഗികമായ ആഗ്രഹങ്ങളും ബന്ധങ്ങളും പൂർത്തീകരിക്കുന്നതിനുള്ള സാഹചര്യം നിഷേധിക്കപ്പെടുന്നുവെന്നും അത് അവരുടെ ജീവിതത്തെ സാരമായി ബാധിക്കുന്നുവെന്നും എസ്. സജികുമാർ**

# കുടിയേറ്റ തൊഴിലാളികളുടെ ലൈംഗിക പ്രശ്നങ്ങൾ

**ലൈംഗികത** എന്ന വിഷയത്തെക്കുറിച്ച് ചർച്ച നടക്കുന്നുവെന്ന് കേട്ടാൽ മുഖം തിരിക്കുന്നവരാണ് ശരാശരി മലയാളി സമൂഹം. ലൈംഗികതയെക്കുറിച്ച് ചർച്ച ചെയ്യുന്നത് ലൈംഗിക തൊഴിലാളികളോ സ്വതന്ത്ര ലൈംഗികതയുടെ വക്താക്കോളോ ആയിരിക്കും എന്ന മുൻവിധി പലർക്കുമുണ്ട്. എന്നാൽ കുടുംബത്തിന് പുറത്ത്, ഓഫീസിലോ, കാമ്പസിലോ, സൗഹൃദ സദസ്സുകളിലോ മലയാളി രഹസ്യമായി ഏറ്റവുമധികം സംസാരിക്കുന്നത് ലൈംഗികതയെ കുറിച്ചും ലൈംഗിക ബന്ധങ്ങളെ കുറിച്ചും തന്നെയാണ്. ലൈംഗികതയെ കുറിച്ച് കുടുംബത്തിനുള്ളിൽ ചർച്ച ചെയ്യാൻ മടിക്കുന്ന മലയാളികളുടെ ലൈംഗിക അഭിനിവേശങ്ങൾ 'മൊബൈൽ ഫോൺ ക്ലിപ്പിങ്ങുകളിലും' ഇന്റർനെറ്റ് ബ്ലോഗ് സൈറ്റുകളിലും' സൂപ്പർ ഹിറ്റുകളാണ്. സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള ലൈംഗിക അതിക്രമങ്ങൾ ക്രമാതീതമായി വർദ്ധിച്ച് വരുന്നത് ഇതിന് തെളിവാണ്. സംസ്ഥാന ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 2010ൽ മാത്രം 208 കുട്ടികൾ ബലാത്സംഗത്തിനിരയായി. 2011-ൽ കേരളത്തിൽ 546 സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുകയും 1816 പേർ മറ്റു തരത്തിലുള്ള ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാവുകയും ചെയ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഇത്തരം കേസുകളുടെ എണ്ണം യഥാർത്ഥത്തിൽ സംഭവിക്കുന്ന കേസുകളേക്കാൾ പല മടങ്ങ് കുറവാണ്. ഒരേ സമയം വ്യത്യസ്തമായ കാഴ്ചപ്പാടുകളും ലൈംഗിക അഭിനിവേശങ്ങളുമുള്ള മലയാളി യഥാർത്ഥത്തിൽ ഒരു ഇരട്ടത്താപ്പ് സംസ്കാരത്തിന്റെ സന്തതിയാണ്. ഇത്തരം സന്ദർഭങ്ങളിൽ ഇരയാക്കപ്പെടുന്നത് കുടിയേറ്റ തൊഴിലാളികളെപ്പോലെ സാമൂഹ്യമായും രീഷ്ട്രീയമായും ദുർബലരായ വിഭാഗങ്ങളാണ്.

2010-ലെ ലോക കുടിയേറ്റ റിപ്പോർട്ട് അനുസരിച്ച് ലോകത്ത് 214 ദശലക്ഷം കുടിയേറ്റ തൊഴിലാളികളുണ്ട്. 2050 ആവുന്നതോടെ ലോകത്ത് ഇവർ 405 ദശലക്ഷം ആവുമെന്നാണ് റിപ്പോർട്ട് പറയുന്നത്. 2001ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് ഇ

ന്ത്യയിൽ 16.8 ദശലക്ഷവും കേരളത്തിൽ 0.2 ദശലക്ഷവും കുടിയേറ്റ തൊഴിലാളികളുണ്ട്. 2011 ലെ സെൻസസ് പ്രകാരമുള്ള കുടിയേറ്റം സംബന്ധിക്കുന്ന റിപ്പോർട്ട് ഇനിയും പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഏറ്റവും പുതിയ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ, അനൗദ്യോഗിക കണക്കുകളോ, സർക്കാരിതര സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങളും മാധ്യമങ്ങളും റിപ്പോർട്ടുകളും അനുസരിച്ച് കേരളത്തിൽ ഏകദേശം 10 ലക്ഷം മുതൽ 30 ലക്ഷം വരെ കുടിയേറ്റ തൊഴിലാളികളുണ്ട്.

കഴിഞ്ഞ ഒരു ദശാബ്ദ കാലത്തിനിടയിലാണ് കേരളത്തിലേക്ക് അന്യസംസ്ഥാന തൊഴിലാളികളുടെ വൻതോതിലുള്ള ഒഴുക്ക് ശ്രദ്ധിക്കപ്പെട്ട് തുടങ്ങിയത്. ഇന്ത്യയുടെ വടക്കൻ-വടക്ക് കിഴക്കൻ സംസ്ഥാനങ്ങലിൽ നിന്നും ലക്ഷകണക്കിന് യുവാക്കൾ കേരളത്തിലെ അസംഘടിത മേഖലകളിൽ പണിയെടുക്കുന്നു. നിർമ്മാണ് പ്രവർത്തനങ്ങൾ, പ്ലൈവുഡ് വ്യവസായം, ഇഷ്ടിക ഹോളോബ്രിക്സ് യൂണിറ്റുകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ തുടങ്ങി കൊല്ലത്തെ കശുവണ്ടി ഫാക്ടറികൾ മുതൽ ഇടുക്കിയിലെയും വയനാട്ടിലെയും തേയില കാപ്പി തോട്ടങ്ങളിൽ വരെ അന്യസംസ്ഥാനതൊഴിലാളികളെ കാണാവുന്നതാണ്. കേരളത്തിലേക്ക് അന്യസംസ്ഥാന തൊഴിലാളികൾ വൻതോതിൽ എത്തിച്ചേരാനുള്ള പ്രധാന കാരണം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നിലവിലുള്ള ഉയർന്ന കൂലിതന്നെയാണ്. ചുവടെ ചേർത്തിരിക്കുന്ന പട്ടിക കാണുക. പട്ടികയിൽ കേന്ദ്ര സർക്കാരിന്റെ കണക്കുകൾ പ്രകാരം ശരാശരി വേതനമാണ് സൂചിപ്പിച്ചിട്ടുള്ളത്. കേരളത്തിലെ അസംഘടിത മേഖലകളിലുള്ള യഥാർത്ഥ കൂലി ഇതിലും വളരെ കൂടുതലാണ്.

ലൈംഗികതയും ലൈംഗിക രോഗങ്ങളും സംബന്ധിച്ച ചർച്ചകളിൽ പ്രതിസ്ഥാനത്ത് നിർത്തപ്പെടുന്നത് പലപ്പോഴും കുടിയേറ്റ തൊഴിലാളികളാണ്. വീട്ടിൽ നിന്നും അകന്ന് സുഹൃത്തുക്കളോടൊന്നിച്ച് വ്യത്യസ്തമായ ജീവിത സാഹചര്യങ്ങളിൽ ജീവിക്കുന്നവർ എന്ന നിലയ്ക്കാണ് കുടിയേറ്റ തൊഴിലാളികൾ ലൈംഗിക അതിക്രമങ്ങൾ, അപകടകരമായ ലൈംഗിക ബന്ധങ്ങൾ, ലൈംഗിക രോഗങ്ങൾ തുടങ്ങിയവയ്ക്ക് ഇരകളാകാമെന്ന് വിശ്വസിക്കപ്പെടുന്നത്. ആഗോള തലത്തിലും ഇന്ത്യയിലും കുടിയേറ്റ തൊഴിലാളികളെ എച്ച്.ഐ.വി/എയ്ഡ്സ് രോഗാണു ബാധിതരും വാഹകരുമായി ചിത്രീകരിച്ച് പോരുന്നുണ്ട്. എന്നാൽ, ദൽഹിയിലെ കുടിയേറ്റ തൊഴിലാളികൾക്കിടയിൽ വി.വി.ഗിരി നാഷണൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനങ്ങളിൽ വ്യക്തമായത് കുടിയേറ്റ തൊഴിലാളികൾക്കിടയിൽ എച്ച്.ഐ.വി/എയ്ഡ്സ് രോഗാണുബാധിതരായുള്ള അപൂർവ്വം പേരേയുള്ളുവെന്നാണ്. ഇത് നേരത്തെ പറഞ്ഞ സിദ്ധാന്തത്തെ നിരസിക്കുകയാണ്. സമൂഹം പൊതുവെ കുടിയേറ്റ തൊഴിലാളികളെ ഭൂതകണ്ണാടിയിലൂടെ നോക്കാനും പ്രതിസ്ഥാനത്ത് നിർത്താനും ശ്രമിക്കുന്നുവെന്നത് ഇതിൽനിന്നും വ്യക്തമാണ്.

കേരളത്തിലെത്തുന്ന കുടിയേറ്റ തൊഴിലാളികളിൽ ഭൂരിഭാഗവും ഒഡീഷ, ബംഗാൾ, ആസ്സാം, ബീഹാർ, ഛത്തീസ്ഗഡ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള മുപ്പത് വയസ്സിന് താഴെയുള്ള ചെറുപ്പക്കാരായ പുരുഷൻമാരാണ്. പലപ്പോഴും ഇവരുടെ ഭക്ഷണവും ജോലിസ്ഥലത്തോട് ചേർന്ന ഷെഡുകളിലും മറ്റുമാണ്. നഗരപ്രദേശങ്ങളിൽ പ്രധാന ചേരിയോട് ചേർന്നായിരിക്കും ഇവരുടെ വാസസ്ഥലം. നാട്ടിൻ പുറങ്ങളിൽ പത്തോ ഇരുപതോ തൊഴിലാളികൾ ചേർന്ന് വാടയ്ക്ക് വീടെടുത്ത് താമസിക്കുന്നതും അപൂർവ്വമല്ല. പലപ്പോഴും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിലായിരിക്കും ഇവരുടെ ജീവിതം. കേരളീയ സമൂഹത്തിൽ ദളിതർക്ക് തുല്യമോ അല്ലെങ്കിൽ അതിനും താഴെയോ ആണ് കുടിയേറ്റ തൊഴിലാളികളുടെ സ്ഥാനം.

സ്വന്തമായി വീടോ മുറിയോ എടുത്ത് സ്വകാര്യതയിൽ ജീവിക്കാനുള്ള സമ്പത്തോ ശേഷിയോ കുടിയേറ്റ തൊഴിലാളികൾക്കില്ല. അതുകൊണ്ട് തന്നെ അവരുടെ ലോകം ജോലിസ്ഥലത്തും താമസസ്ഥലത്തുമായി ചുരുങ്ങുകയും, നീണ്ട ജോലി സമയം അവരുടെ പൊതുസ്ഥലത്തെ ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നു. ഞായറാഴ്ചകളിൽ ഒഴിവ് ലഭിക്കുമ്പോൾ സുഹൃത്തുക്കളെ കാണാനും നാട്ടിലേക്ക് പണമയയ്ക്കാനും ഭക്ഷണത്തിനാവശ്യമായ സാധനങ്ങൾ വാങ്ങാനും മാത്രമേ തികയാറുള്ളൂവെന്ന് ലേഖകന്റെ പഠനത്തിൽനിന്ന് മനസ്സിലായിട്ടുണ്ട്. അതുകൊണ്ടു തന്നെ കേരളത്തിലെത്തുന്ന കുടിയേറ്റ തൊഴിലാളികൾക്ക് 'സ്വകാര്യ ഇടം' ഇല്ലയെന്നു വേണം കരുതാൻ. ലൈംഗികമായ ആഗ്രഹങ്ങളും, ലൈംഗിക ബന്ധങ്ങളും പൂർത്തീകരിക്കുന്നതിന് ഈ സൗകര്യ ഇടത്തിന് വളരെ പ്രസക്തിയുണ്ട്. സ്വകാര്യതയുള്ള താമസസ്ഥലമോ, ശീതികരിച്ച ഹോട്ടൽ മുറകളോ, കറുത്ത സ്റ്റിക്കർ പതിച്ച കാറുകളോ, അപ്രാപ്യമായ കുടിയേറ്റ തൊഴിലാളികൾക്ക് കേരളത്തിൽ വച്ച് ലൈംഗിക ബന്ധത്തിൽ ഏർപ്പെടാനുള്ള സാധ്യതകളെ പരിമിതപ്പെടുത്തുന്നു. ബസ്സ്റ്റാന്റിലോ ഫുട്പാത്തിലോ കാണുന്നതും വില കുറഞ്ഞതുമായ ലൈംഗിക തൊഴിലാളികളെ സമീപിക്കാനും അവരോട് ഒരു 'ഡീൽ' നടത്താനുമുള്ള ഭാഷാ നൈപുണ്യം വിദൂര ദേശത്തു നിന്ന് വരുന്ന വിദ്യാസമ്പന്നരല്ലാത്ത കുടിയേറ്റ തൊഴിലളികൾക്കുണ്ടാവില്ല. കൂടാതെ, തദ്ദേശീയരായ ലൈംഗിക കൊഴിലാളികൾക്ക് പാൻ മസാല ചവയ്ക്കുന്നതും സാധാരണക്കാരുമായ കുടിയേറ്റ തൊഴിലാളികളെ സ്വീകരിക്കാൻ വിമുഖതയുണ്ടാകാനുമിടയുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ കുടിയേറ്റ തൊഴിലാളികളുടെ ലൈംഗിക അഭിനിവേശങ്ങൾ, മൊബൈൽ ഫോണുകളിൽ കാണാൻ കഴിയുന്ന ചൂടൻ രംഗങ്ങൾ ആസ്വദിക്കുന്നതും സ്വയംഭോഗവും ഒക്കെയായി മാറുന്നു. ഒരു ചെറിയ വിഭാഗം സ്വവർഗ്ഗ രതിയിലും എത്തിച്ചേരുന്നു. രഹസ്യഭാഗങ്ങളിൽ അണുബാധയുമായി ആശുപത്രിയിൽ എത്തുന്ന കുടിയേറ്റ തൊഴിലാളികളെ കണ്ടിട്ടുള്ളതായി തലസ്ഥാനഗരിയിലെ ചില ഡോക്ടർമാർ സാക്ഷ്യപ്പെടുത്തുന്നു.

കേരളത്തിലെത്തപ്പെട്ട ചില കുടിയേറ്റ സ്ത്രീ തൊഴിലാളികൾക്ക് മലയാളികളിൽനിന്നും സ്വന്തം നാട്ടുകാരിൽനിന്നും ബന്ധുക്കളിൽനിന്നും ലൈംഗിക പീഡനം ഏറ്റുവാങ്ങേണ്ടി വന്ന സംഭവങ്ങൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുടിയേറ്റ തൊഴിലാളികളുടെ ലൈംഗിക ചോദനകൾക്ക് കമ്പോളമൂല്യം ഉണ്ടെന്ന് മനസ്സിലായാൽ മലയാളികൾ അതിലും ലാഭസാധ്യതകൾ കണ്ടെത്താതിരിക്കില്ല. വടക്കേയിന്ത്യൻ ഭക്ഷണവും, ഒറിയ

**അദൃശ്യരായിരുന്നവർ അരങ്ങിലെത്തിയപ്പോഴാണ് ജീവിതാനുഭവങ്ങൾ സാഹിത്യമാണോ എന്ന ചർച്ച ചൂടുപിടിച്ചത്**

# ആത്മകഥനം കൂട്ടിക്കൊടുപ്പോ?

**അടുത്തയിടെ** പങ്കെടുക്കാനിടയായ സാഹിത്യസെമിനാറുകളിലെ പ്രധാന ചർച്ചാവിഷയം ആത്മകഥകളുമായി ബന്ധപ്പെട്ടാണ്. ആത്മകഥനങ്ങൾ സാഹിത്യമാണോ എന്നതാണ് മിക്കവരുടേയും സംശയം. അല്ല എന്ന കാര്യത്തിൽ പല മഹാന്മാർക്കും സംശയമേയില്ല. ചിലർക്കാകട്ടെ ഇത് കൂട്ടികൊടുപ്പുസാഹിത്യമാണ്. ആത്മകഥനങ്ങൾ തയ്യാറാക്കാൻ സഹായിക്കുന്നവർ സാഹിത്യത്തിലെ കൂട്ടികൊടുപ്പുകാരും.

എന്നുമുതലാണ് ആത്മകഥകളും ജീവിതാനുഭവങ്ങളും ഈ സാംസ്കാരിക നായകർക്ക് ഹറാമായത്. സംശയമെന്ത്? സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്നവരുടെ പൊള്ളുന്ന ജീവിതാനുഭവങ്ങൾ മുഖ്യധാരാ സാഹിത്യത്തിന്റേയും ആനുകാലികങ്ങളുടേയും പ്രമേയമായപ്പോൾ. ഗാന്ധിജിക്കും ഇ.എം.എസിനും മാത്രമല്ല, തങ്ങൾക്കും പൊതുജീവിതമുണ്ടെന്ന് ജാനുവും കണ്ടൽ പൊക്കുടനും മറ്റും പ്രഖ്യാപിച്ചപ്പോൾ. ആ പ്രഖ്യാപനങ്ങളും മുഖ്യധാരാ സാഹിത്യത്തിന്റെ ഭാഗമായപ്പോൾ. കഴിഞ്ഞില്ല. ഇവർക്കു സഹിക്കാനാവാത്ത ആത്മകഥനങ്ങളുടെ പരമ്പരയായിരുന്നു പുറകെ. ലൈംഗികത്തൊഴിലാളി, ലെസ്ബിയൻ, ഹിജ്ഡ, എയ്ഡ്സ് ബാധിത, കന്യാസ്ത്രി, ഡ്യൂപ്പ് എന്നിങ്ങനെ നമ്മുടെ കപടസദാചാരത്തിന്റെ ഇരകളായ നിരവധി പേർ തങ്ങളുടെ ജീവിതാനുഭവങ്ങൾ വെട്ടിത്തുറന്നു പറഞ്ഞ് വെളിച്ചത്തേക്ക് വന്നു. അതുവരേയും അദൃശ്യരായിരുന്നവർ അരങ്ങിലെത്തി. അപ്പോഴാണ് ജീവിതാനുഭവങ്ങൾ സാഹിത്യമാണോ എന്ന ചർച്ച ചൂടുപിടിച്ചതും അല്ല എന്ന് ഒരു വിഭാഗം ഉറപ്പിച്ചതും. സാഹിത്യത്തിലെ ഒരു ശാഖയായി പോലും അതിനെ കാണാനാകില്ലെന്നാണ് ഇവരുടെ അവസാന കണ്ടുപിടുത്തം. ആത്മകഥാ സാഹിത്യത്തെകുറിച്ച് സാഹിത്യ അക്കാദമിനടത്തിയ സെമിനാറിലാണ് ഒരു വിഭാഗം ഇത്തരം ചവറുസാഹിത്യം രചിക്കുന്നവരെ കൂട്ടികൊടുപ്പുകാരാക്കിയത്. അവരിൽ ഒരു പ്രമുഖ പത്രത്തിന്റെ സബ് എഡിറ്ററും ഒരു വാരികയുടെ എഡിറ്ററും ഉൾപ്പെടുന്നു. കൂട്ടികൊടുപ്പുകാരന്റേയും ആത്മകഥ മലയാളത്തിൽ വരാനിരിക്കുന്നതേയുള്ളു എന്നിവർ മനസ്സിലാക്കിയെങ്കിൽ.

നളിനി ജമീലയുടെ ആത്മകഥ പുറത്തിറങ്ങിയപ്പോൾ സുകുമാർ അഴിക്കോടിന്റെ വേവലാതി ആശാന്റെ നളിനിയെ കുറിച്ചായിരുന്നു. എം. മുകുന്ദന്റേതാകട്ടെ നളിനി ജമീലക്ക് സാഹിത്യത്തിന്റെ നോബൽ സമ്മാനം ലഭിക്കുമോ എന്നും. പീഢിതരുടെ നാവായാണല്ലോ അഴിക്കോട് അവസാന കാലഘട്ടങ്ങളിലെല്ലാം വിലയിരുത്തപ്പെട്ടത്. അദ്ദേഹത്തിനുപോലും ഓടയിലെ സ്ത്രീ നടുറോഡിലെത്താൻ തയ്യാറായത് സഹിക്കാനായില്ല. വർഷങ്ങൾക്കുമുമ്പെ വേശ്യയുടെ അമ്പലം എന്ന കഥയെഴുതി ഏറെ അഭിനന്ദനം ഏറ്റുവാങ്ങിയ മുകുന്ദനും അത്തരത്തിലുള്ള ഒരു യഥാർത്ഥ സ്ത്രീയുടെ കഥ അരോചകമായി.

അതിനേക്കാൾ അത്ഭുതം കല്പറ്റ നാരായണന്റേതാണ്. മേൽപറഞ്ഞ രണ്ടുപേരിൽ നിന്ന് വ്യത്യസ്മായി പുതുചലനങ്ങൾ മനസ്സിലാക്കുകയും ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്യുന്ന വ്യക്തിയാണ് കല്പറ്റ എന്ന് ധരിച്ചവരെ അദ്ദേഹം ഞെട്ടിച്ചു. ആത്മകഥനങ്ങളും നോൺഫിക്ഷനുമെല്ലാം സാഹിത്യത്തെ മലീമസമാക്കുന്നു എന്നുതന്നെയാണ് അദ്ദേഹം പറഞ്ഞത്. തമാശ എന്തെന്നുവെച്ചാൽ, ഇതുപറയുമ്പോൾതന്നെ വിപണിയിലുള്ള ഭാഷാപോഷിണി വാർഷികപതിപ്പിൽ കല്പറ്റയുടെയും ഓർമ്മക്കറിപ്പുകൾ ഉണ്ടെന്നതാണ്. ഇപ്പോൾ കാര്യം മനസ്സിലായല്ലോ.

മാധവിക്കുട്ടിയുടെ എന്റെ ജീവിതം പുറത്തിറങ്ങിയപ്പോഴും കേരളത്തിലെ മിക്ക എഴുത്തുകാരുടേയും മുറവിളി ഇങ്ങനെയൊക്കെ തന്നെയായിരുന്നു. പിന്നീട് മാധവിക്കുട്ടിയെ അവഗണിച്ചാൽ ബിഗ് സീറോ ആയിതീരുന്നത് തങ്ങൾ തന്നെയാണെന്നു മനസ്സിലാക്കിയപ്പോഴാണ് പലരും പുരോഗമനകാരികളായത്. അതുതന്നെ ആവർത്തിക്കുന്നു എന്നുകരുതാം.

സിനിമയും ഞായറാഴ്ചകളിൽ തുറക്കുന്ന ബാങ്കുകളും ഒക്കെ കുടിയേറ്റ തൊഴിലാളികൾക്കായി ഉണ്ടായ കേരളത്തിൽ അവർക്ക് വേണ്ടി ലൈംഗിക തൊഴിലാളികളെ എത്തിച്ചുകൊടുക്കുന്ന ഏജന്റുമാരുണ്ടാവാൻ അധികം കാത്തിരിക്കേണ്ടിവരില്ല. കേരളാ സ്റ്റേറ്റ് എയ്ഡഡ് കൺട്രോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ കുടിയേറ്റ തൊഴിലാളികൾക്കിടയിൽ എച്ച്ഐ.വി/എയ്ഡ്സ് ബോധവത്കരണ പരിപാടികൾ വൻ തുക ചെലവഴിച്ച് നടത്തിവരുന്നു. ഇതിനായി വിവിധ തലത്തിലുള്ള ഇടപെടൽ പ്രോജക്റ്റുകളും എൻജി.ഒകൾ വഴി കേരളസർക്കാർ നടത്തിവരുന്നു.

യഥാർത്ഥത്തിൽ കേരളത്തിലെ ആരോഗ്യവകുപ്പ് ശ്രദ്ധിക്കേണ്ടത് മതിയായ ശുചിത്വ സൗകര്യങ്ങളില്ലാതെ വലയുന്ന കുടിയേറ്റ തൊഴിലാളികൾക്ക് അവ നല്കുന്നതിലാവണം. നഗര പ്രദേശങ്ങളിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന സാംക്രമിക രോഗങ്ങളുടെ ആദ്യ ഇരകളാകുന്നതും കുടിയേറ്റ തൊഴിലാളികൾ തന്നെയാണ്. ഈ തലത്തിലുണ്ടാകുന്ന ഇടപെടൽ രോഗം തദ്ദേശീയരിലേക്ക് പടരുന്നത് തടയാനും സാധിക്കും. ഈ ദിശയിൽ അധികം പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല.